# BSNL കാഷ്വൽ കോൺട്രാക്ട് ലേബേഴ്സ് യൂണിയൻ (CITU)

## കേരള സർക്കിൾ

## ശമ്പളമില്ല തൊഴിലാളികൾ പണിമുടക്കിലേക്ക്

## 2018 ഡിസംബർ 10 മുതൽ റിലെ നിരാഹാരം

## ഡിസംബർ 17 മുതൽ അനിശ്ചിതകാല പണിമുടക്ക്

സഖാവെ,

രണ്ടുമാസമായി ബി.എസ്.എൻ.എൽ തൊഴിലാളികൾക്ക് ശമ്പളം നിഷേധിച്ചിരിക്കുകയാണ്. സാമ്പത്തികപരാധീനതയുടെ പേരിൽ ഡൽഹി കോർപ്പറേറ്റ് ഓഫീസ് ഫണ്ട് അനുവദിച്ചില്ലെന്ന ന്യായവാദത്തിന്റെ മറവിലാണ് ശമ്പളനിഷേധം. ഏജൻസികളാകട്ടെ ബി.എസ്.എൻ.എൽ. മാനേജ്മെന്റിനെ പഴിപറഞ്ഞ് രക്ഷപ്പെടുകയാണ്. എല്ലാമാസവും ഏഴാം തീയതിക്കകം തൊഴിലാളികൾക്ക് ശമ്പളം നൽകണമെന്ന് നിയമപരമായ വ്യവസ്ഥയുണ്ട്. ഏജൻസി നൽകാൻ വിസമ്മതിച്ചാൽ നിയമപ്രകാരം ബി.എസ്.എൻ.എൽ നൽകണം.

സ്ഥിരം ജീവനക്കാരുടെ നിരവധി ഒഴിവുകൾ ബി.എസ്.എൻ.എൽ.-ൽ നിലനിൽക്കുന്നു. പുതിയ തസ്തികകൾ പോകട്ടെ, മരണപ്പെട്ടവരുടെയോ, പിരിഞ്ഞുപോയവരുടെയോ ഒഴിവുകൾ നികത്തുന്നില്ല. സ്വാഭാവികമായും കരാർ തൊഴിലാളികളാണ് ഈ ജോലികൾ നിർവ്വഹിച്ച്വരുന്നത്. തികഞ്ഞ അവഗണനയാണ് മാനേജ്മെന്റിന്റെ എല്ലാ തലങ്ങളിൽ നിന്നും ഇവർ നേരിടുന്നത്. മാത്രമല്ല ഉദ്യോഗസ്ഥ മേധാവികളുടെ ഭീഷണി വേറെയും. പ്രാകൃതകാലത്തെ ജന്മിനാടുവാഴി മനോഭാവത്തിലാണ് ബി.എസ്.എൻ.എൽ മാനേജ്മെന്റ് ഈ വിഭാഗം തൊഴിലാളികളോട് പെരുമാറുന്നത്. കരാറുകാരനുമായി ഒത്തുകളിക്കുന്ന ഉദ്യോഗസ്ഥ മേധാവികൾക്ക് പട്ടും വളയും നൽകുന്നവരാണ് ഉന്നത മാനേജ്മെന്റ്. നിസാര കാര്യങ്ങൾക്ക്പോലും പിരിച്ചുവിടുന്നു. പ്രായപരിധി നിശ്ചയിച്ച് തൊഴിലാളികളെ ഒഴിവാക്കാനാണ് ശ്രമം. തിരുവനന്തപുരത്ത് 60 കഴിഞ്ഞതിന്റെ പേരിൽ 82

Scanned by CamScanner

തൊഴിലാളികളെ ഒഴിവാക്കി. മറ്റ് ജില്ലകളിലും ഇത് ആവർത്തിച്ചിട്ടുണ്ട്. ഇവർ ചെയ്തുവരുന്ന ജോലികൾ മറ്റ് തൊഴിലാളികളുടെ തലയിൽ കെട്ടിവെക്കുന്നു. ചെയ്തില്ലെങ്കിൽ പിരിച്ചുവിടുമെന്ന ഭീഷണി വേറെയും. രണ്ടുമാസമായി ശമ്പളം ലഭിക്കാത്ത തൊഴിലാളികളെയാണ് പിരിച്ചുവിടലിന് വിധേയമാക്കുന്നത്. തൊഴിലാളികളെ ഒഴിവാക്കാൻ കാണിക്കുന്ന താല്പര്യം പരസ്പര ചർച്ചയിലൂടെ അംഗീകരിച്ച അവകാശങ്ങൾ നൽകുന്നതിന് കാണിക്കുന്നില്ല.

ബി.എസ്.എൻ.എൽ.ന്റെ സാമ്പത്തിക പ്രതിസന്ധിയുടെ ഇരകളാക്കി തൊഴിലാളികളെ മാറ്റുകയാണ്. ആവശ്യമായ തുക അനുവദിക്കാൻ ഡൽഹിയിലേക്ക് കത്തയച്ചാൽ മറുപടിപോലുമില്ല. യു.പി.പോലുള്ള സംസ്ഥാനത്ത് ഒരു വർഷക്കാലമായി ശമ്പളം ലഭിക്കാത്ത തൊഴിലാളികളുണ്ട്. ചോദിച്ചാൽ ഭീഷണിയും നടപടിയും. കേരളത്തിലെ ബി.എസ്.എൻ.എൽ.ന്റെ വരുമാന വർദ്ധനവിന് വേണ്ടി മാർക്കറ്റിംഗ് ജോലികൾ ഉൾപ്പെടെ നിർവഹിക്കുന്ന തൊഴിലാളികളെയാണ് ശമ്പളം നൽകാതെ പട്ടിണിക്കിടുന്നത്.

കൃത്യസമയത്ത് ബിൽ നൽകാനോ, ഫണ്ട് ലഭ്യമാക്കാനോ ഏജൻസികൾ താല്പര്യം കാണിക്കുന്നില്ല. ഇ.പി.എഫ്. തുക തൊഴിലാളികളുടെ അക്കൗണ്ടിൽ നിക്ഷേപിക്കാത്ത ഏജൻസികൾക്ക്പോലും സുവർണ്ണകാലമാണ്. ബി.എസ്. എൻ.എല്ലിൽ ശമ്പളം കൊടുക്കാത്ത ഏജൻസികളും സസുഖം വാഴുന്നു. ഈ സാഹചര്യ ത്തിൽ ശക്തമായ പ്രക്ഷോഭത്തിന് ബി.എസ്.എൻ.എൽ. കാഷ്വൽ കോൺട്രാക്ട് ലേബേഴ്സ് യൂണയൻ (സി.ഐ.ടി.യു) സംസ്ഥാന വ്യാപകമായി സമരവുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചിട്ടുണ്ട്. നിരവധി പ്രക്ഷോഭങ്ങൾ ഇതിനകം നടത്തിയിട്ടുണ്ട്. ഏറ്റവുമൊടുവിൽ നവംബർ 22ന് ബി.എസ്.എൻ.എൽ ചീഫ് ജനറൽ മാനജരുടെ ഓഫീസിന് മുമ്പിൽ ഒരു ദിവസത്തെ നിരാഹാരസമരം നടത്തുകയുണ്ടായി. അന്നേദിവസം മാനേജ്മെന്റുമായി നടന്ന ചർച്ചയിൽ ഒത്തുതീർപ്പുണ്ടായതുമാണ്. ഒത്തുതീർപ്പ് ലംഘനം മുഖമുദ്രയാക്കി മാറ്റിയവരാണ് കേരളത്തിലെ മാനേജ്മെന്റ്. അതുകൊണ്ട് അടിയന്തിരമായും രണ്ടുമാസത്തെ ശമ്പളം നൽകുക, എല്ലാമാസവും ഏഴാം തീയതിക്കകം ശമ്പളം വിതരണം ചെയ്യുക, പിരിച്ചു വിടൽ നീക്കം ഉപേക്ഷിക്കുക, പ്രായപരിധി വ്യവസ്ഥ എടുത്തുകളയുക, ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് **2018 ഡിസംബർ 10 മുതൽ ചീഫ് ജനറൽ മാനേജർ/ജനറൽ മാനേജർ ഓഫീസുകൾക്കു മുൻപിൽ റിലേ നിരാഹാരസമരവും ഡിസംബർ 17 മുതൽ അനിശ്ചിതകാല പണിമുടക്കും** നടത്താൻ യൂണിയൻ നിർബന്ധിതമായിരിക്കുന്നു. മുഴുവൻ തൊഴിലാളികളും പണിമുടക്കിൽ പങ്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു. നിരാഹാര സമരവും, പണിമുടക്കും വിജയിപ്പിക്കുവാൻ മുഴുവൻ ജീവനക്കാരുടെയും, ഓഫീസർമാരുടെയും തൊഴിലാളികളുടെയും സഹായം അഭ്യർത്ഥിക്കുന്നു.

**തിരുവനന്തപുരം**
**5-12-2018.**

**എൻ.ആർ.സോമശേഖരൻ നായർ**
സംസ്ഥാന സെക്രട്ടറി.

---

ബിന്ദു, തിരു-24

Scanned by CamScanner